പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*584 23 05-2017-ലെ മറുപടിയ്ക്ക്

## ഭക്ഷ്യവിളകളുടെ ഉല്പാദന വർദ്ധനവ്

ചോദ്യം

**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.സി.എഫ്.തോമസ്**
**ഡോ.എൻ. ജയരാജ്**

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഭക്ഷ്യവിളകളുടെ കൃഷി വിസ്തൃതി മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എ) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2014-15 കാർഷിക വർഷത്തിൽ ആകെ ഭക്ഷ്യവിളകളുടെ വിസ്തൃതി 981720 ഹെക്ടറും 2015-16-ൽ 982301 ഹെക്ടറും ആണ്. 2014-15 കാർഷിക വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ ഭക്ഷ്യവിളകളുടെ വിസ്തൃതിയിൽ 581 ഹെക്ടർ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഭക്ഷ്യവിളകളുടെ ഉല്പാദനം**

(വിസ്തൃതി ഹെക്ടറിൽ)

| ഭക്ഷ്യവിളകൾ | 2014-15 | 2015-16 |
|---|---|---|
| ആകെ ഭക്ഷ്യ ധാന്യങ്ങൾ | 202109 | 200953 |
| ആകെ ഷുഗർ ക്രോപ്പ്, സുഗന്ധ വ്യഞ്ജനങ്ങൾ | 269321 | 272093 |
| ആകെ പഴവർഗ്ഗങ്ങൾ | 371437 | 373734 |
| ആകെ മരച്ചീനി | 75493 | 69405 |
| ആകെ കിഴങ്ങുവർഗ്ഗങ്ങൾ | 19000 | 19392 |
| ആകെ പച്ചക്കറികൾ | 44360 | 46724 |
| **ആകെ ഭക്ഷ്യവിളകൾ** | **981720** | **982301** |

(ബി) ഏത് ഭക്ഷ്യവിളകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണന നൽകിയത്; പ്രസ്തുത വിളകളുടെ ഉല്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്?

(ബി) നെല്ല്, പച്ചക്കറികൾ എന്നീ വിളകൾക്കാണ് മുൻഗണന നൽകിയത്. പ്രസ്തുത വിളകളുടെ ഉൽപാദനം സംബന്ധിച്ച അന്തിമ വിവരങ്ങൾ (2016-17 കാർഷിക വർഷത്തെ) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**